ഇ.എസ്.ഐ. കോർപ്പറേഷൻ

कर्मचारी राज्य बीमा निगम, क्षेत्रीय कार्यालय (केरल)

**EMPLOYEES' STATE INSURANCE CORPORATION**

REGIONAL OFFICE, KERALA

MINISTRY OF LABOUR & EMPLOYMENT, GOVERNMENT OF INDIA

PANCHDEEP BHAVAN, NORTH SWARAJ ROUND, THRISSUR- 680 020

वेबसाइट/Website : www.esic.nic.in ई-मेल /e-mail : rd-kerala@esic.nic.in

दूरभाष/Phone No : 0487 2331080 / 2331351 / 2331412 / 2331437


YEARS OF CELEBRATING THE MAHATMA

# തൊഴിലുടമകളുടെ ശ്രദ്ധക്ക്

ഭാരത സർക്കാരിന്റെ സമഗ്ര സാമൂഹിക പരിരക്ഷാ പദ്ധതിയായ ഇ. എസ്. ഐ. നിയമം കേരളം മുഴുവൻ ബാധകമാക്കി കേന്ദ്ര സർക്കാർ 01/02/2017 ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിയമത്തിൻ കീഴിൽ പത്തോ അതിലധികമോ തൊഴിലാളികൾ (താൽക്കാലിക കരാർ തൊഴിലാളികൾ ഉൾപ്പെടെ) ജോലി ചെയ്യുന്ന ഫാക്ടറികൾ, ഷോപ്പുകൾ, മറ്റു വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കോൺട്രാക്ട് ഏജൻസികൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ ഉൾപ്പെടെ നിർബന്ധമായി റജിസ്റ്റർ ചെയ്യേണ്ടതാണ്. 21,000/- രൂപ വരെ മാസ ശമ്പളം ലഭിക്കുന്ന എല്ലാ തൊഴിലാളികൾക്കും ഈ നിയമത്തിൽ കൂടി വിവിധ സാമൂഹിക പരിരക്ഷ ലഭിക്കുന്നതാണ്.

ഈ ഓഫീസിലെ രേഖകൾ പ്രകാരവും മറ്റു കേന്ദ്ര സംസ്ഥാന സർക്കാർ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും അധികാരികളിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരവും കേരളത്തിൽ സമീപ കാലത്തായി പ്രവർത്തനം ആരംഭിച്ച നിരവധി സ്ഥാപനങ്ങൾ ഇ.എസ്.ഐ യിൽ ഇതുവരെ റജിസ്റ്റർ ചെയ്യാത്തതായി ശ്രദ്ധയിൽ പെട്ടിരിക്കുന്നു. ഇത്തരം സ്ഥാപനങ്ങൾ എത്രയും വേഗം ഇ.എസ്.ഐ പദ്ധതിയിൽ റജിസ്റ്റർ ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യാതിരുന്നാൽ ഇ.എസ്.ഐ നിയമപ്രകാരം ക്രിമിനൽ നടപടി എടുക്കാവുന്നതും വിവിധ ശിക്ഷാ നടപടികൾക്ക് വിധേയമാകേണ്ടി വരുമെന്നും ഇതിനാൽ അറിയിക്കുന്നു. ഇ.എസ്.ഐ. നിയമത്തിൻ കീഴിൽ വരേണ്ടതായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഇ.എസ്.ഐ പദ്ധതിയിൽകൂടി ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്നതു നിയമവിരുദ്ധവും കടുത്ത നിയമ നടപടികൾ ക്ഷണിച്ചു വരുത്തുന്നതുമാണ്. അതുപോലെ ഇ.എസ്.ഐ പദ്ധതിയിൽ ഇപ്പോൾ റജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന യോഗ്യരായ എല്ലാ തൊഴിലാളികളേയും ഇ.എസ്.ഐ പദ്ധതിയിൽ റജിസ്റ്റർ ചെയ്യാതിരിക്കുന്നതും കുറ്റകരമാണ്

കേന്ദ്ര സർക്കാർ 01/07/2019 മുതൽ തൊഴിലുടമകളുടെ ഇ.എസ്.ഐ വിഹിതം 4.75 % ൽ നിന്നും 3.25 % ആയും തൊഴിലാളികളുടെ വിഹിതം 1.75 % ൽ നിന്നും 0.75 % ആയും ഗണ്യമായി കുറച്ചിരിക്കുന്ന ഈ അവസരം ഉപയോഗപ്പെടുത്തി എല്ലാ തൊഴിൽ ഉടമകളും അവരുടെ സ്ഥാപനം ഇ.എസ്.ഐ ൽ ഉടനെ തന്നെ റജിസ്റ്റർ ചെയ്യുവാൻ മുന്നോട്ടു വരണം എന്നും അറിയിക്കുന്നു. അതുപോലെ നിലവിൽ ഇ.എസ്.ഐ റജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 21,000/- രൂപ വരെ മാസ ശമ്പളം ലഭിക്കുന്ന എല്ലാ തൊഴിലാളികളേയും ഉടൻ റെജിസ്റ്റർ ചെയ്തു ഇ.എസ്.ഐ പദ്ധതിയുടെ സമഗ്ര സാമൂഹിക പരിരക്ഷ കേരളത്തിലെ സംഘടിത മേഖലയിൽ ജോലി ചെയ്യുന്ന എല്ലാ യോഗ്യരായ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും എത്തിക്കാനുള്ള ഞങ്ങളുടെ ശ്രമത്തിൽ പൂർണ്ണമായും സഹകരിക്കണമെന്ന് അറിയിക്കുന്നു. www.esic.in എന്ന വെബ്സൈറ്റിലൂടെ സ്ഥാപനങ്ങൾക്ക് ഇ.എസ്.ഐ.യിൽ റജിസ്റ്റർ ചെയ്യാവുന്നതാണ്.

## ഇ.എസ്.ഐ. പദ്ധതിയുടെ ആനുകൂല്യങ്ങൾ

**ചികിത്സ ആനുകൂല്യം** (സൂപ്പർ സ്പെഷ്യാലിറ്റി ഉൾപ്പെടെ), **രോഗാനുകൂല്യം** (70% ശമ്പളം 91 ദിവസം വരെ) , **ദീർഘകാല രോഗാനുകൂല്യം** (80% ശമ്പളം 730 ദിവസം വരെ), **അവശത ആനുകൂല്യം** (തൊഴിൽ അപകടങ്ങൾമൂലം സംഭവിക്കുന്നത്) 90% ശമ്പളം, **ആശ്രിത ആനുകൂല്യം** (തൊഴിൽ അപകടങ്ങൾമൂലം മരണപ്പെടുമ്പോൾ കുടുംബത്തിന് ലഭിക്കുന്നത്), **പ്രസവ ആനുകൂല്യം** (100% ശമ്പളം, 26 ആഴ്ച്ച ), **പ്രസവ ചിലവുകൾ** (5000/- രൂപ), **മരണാനന്തര ചിലവുകൾ** (15,000/- രൂപ) **റിട്ടയർ ചെയ്തതിനു ശേഷവും ചികിത്സ ആനുകൂല്യം**, **തൊഴിൽ പുനരധിവാസം**, **തൊഴിൽ രഹിത അലവൻസ്** (2 വർഷം), **അടൽബീമിത് വ്യക്തി കല്യാൺ യോജന** (താത്കാലിക തൊഴിൽ നഷ്ടം, 90 ദിവസത്തേക്ക് ).

കൂടുതൽ വിവരങ്ങൾക്ക് ഇ.എസ്.ഐ യുടെ ബ്രാഞ്ച് ഓഫീസുകളിലോ തൃശ്ശൂർ റീജിയണൽ ഓഫീസിലോ താഴെ കൊടുത്തിട്ടുള്ള സബ് റീജിയണൽ ഓഫീസുകളിലോ ബന്ധപ്പെടാവുന്നതാണ്

### Sub-Regional Offices under Regional Office, Thrissur

| | | | |
|---|---|---|---|
| Sub Regional Office (Kozhikode)<br>Housefed Complex, Sasthri Nagar Road<br>Eranhipalam<br>Kozhikode-673 006<br>Phone - 0495 -2772270<br>e-mail : dir-kozhikode@esic.nic.in | Sub Regional Office (Ernakulam)<br>Malu's Complex,<br>St Francis Church Road<br>Ernakulam -682 017<br>Phone : 0484 -2340844<br>e-mail : sro-ernakulam@esic.nic.in | Sub Regional Office (Kollam)<br>Panchdeep Bhavan,<br>Ashramam,<br>Kollam - 691 002<br>Phone : 0474 -2761190<br>e-mail : sro-kollam@esic.nic.in | Sub Regional Office<br>(Thiruvananthapuram),<br>PanchdeepBhavan,<br>Thycaud-695 014<br>Phone : 0471 -2325064<br>e-mail : sro-thiruvananthapuram@esic.nic.in |

-ഒപ്പ്-

അഡീഷണൽ കമ്മീഷണർ & റീജിയണൽ ഡയറക്ടർ

# ഇ.എസ്.ഐ. പദ്ധതിയുടെ കീഴിലുള്ള ആനുകൂല്യങ്ങൾ
# BENEFITS UNDER ESI SCHEME

**ചികിത്സാ ആനുകൂല്യം** പരിരക്ഷിത വ്യക്തികളുടെ വൈദ്യപരിരക്ഷയിൽ **കോർപ്പറേഷൻ ജാഗ്രത പുലർത്തുന്നു.** പരിരക്ഷിത തൊഴിലിൽ പ്രവേശിക്കുന്ന ഒന്നാം ദിവസം മുതൽ ന്യായമായ വൈദ്യപരിരക്ഷ

**രോഗാനുകൂല്യം** : രോഗം മൂലമുള്ള **അവധി വരുമാനമുള്ള അവധിയല്ല.** ചികിത്സാകാലത്ത് അടുത്തടുത്ത 2 ആനുകൂല്യ കാലയളവിൽ 91 ദിവസം വരെ ശരാശരി വേതനത്തിന്റെ 70% പണമായി ഇ.എസ്.ഐ കോർപ്പറേഷൻ നല്കുന്നു.

**പ്രസവാനുകൂല്യം** **നിങ്ങളുടെ കുട്ടിയെ സ്വാഗതം ചെയ്യുക. ഒപ്പം ആനുകൂല്യങ്ങളെയും.** ശരാശരി വേതനത്തിന്റെ 100% - 26 ആഴ്ച പ്രസവത്തിനും 6 ആഴ്ച പ്രസവം അലസലിനും, 12 ആഴ്ച ഗർഭപാത്ര ദാതാവിനെ ഗർഭധാരണം ഏല്പിക്കുന്ന മാതാവിനും, 12 ആഴ്ച കുട്ടിയെ ദത്തെടുക്കുന്ന മാതാവിനും

**അവശതാ ആനുകൂല്യം** : **വൈകല്യം സമ്പാദ്യശേഷി നഷ്ടമെന്ന് അർത്ഥമില്ല.** താൽക്കാലിക അവശത നിലനില്ക്കുന്നിടത്തോളം കാലം തുടർച്ചയായ വരുമാനവും സ്ഥിര അവശത നേരിട്ടവർക്ക് ജീവിതകാലം മുഴുവനും ആനുകൂല്യം ലഭിക്കുന്നു.

**ആശ്രിതാനുകൂല്യം : നിങ്ങളിൽ ആശ്രിതരായിട്ടുള്ളവർക്ക് ആശ്രയിക്കാൻ ഇ.എസ്.ഐ. പദ്ധതിയും.** തൊഴിൽ അപകടം മൂലമുണ്ടാകുന്ന മരണത്തെ തുടർന്നുള്ള പ്രതിമാസ പെൻഷൻ നിശ്ചിത അനുപാതത്തിൽ ആശ്രിതർക്കിടയിൽ വിതരണം ചെയ്യുന്നു.

NEED JOB

**തൊഴിലില്ലായ്മാ വേതനം** : **തൊഴിൽ നഷ്ടം എന്നാൽ വരുമാന നഷ്ടം എന്നർത്ഥമില്ല.** സ്വമേധയാ അല്ലാത്ത ജോലി നഷ്ടമോ തൊഴിൽ അപകടം മൂലമല്ലാതെയുണ്ടാകുന്ന ശാശ്വത അവശതയോ നേരിടുന്നവർക്ക് 24 മാസം വരെ മാസംതോറും ആനുകൂല്യം പണമായി ലഭിക്കുന്നു.

**അടൽ ബീമിത് വ്യക്തി കല്യാൺ യോജന:** തൊഴിൽ നഷ്ടം ഉണ്ടാകുന്നതിന്റെ തൊട്ടുമുൻപുള്ള 4 വിഹിത കാലയളവിലെ ശരാശരി വേതനത്തിന്റെ 25% നിരക്കിൽ 90 ദിവസത്തേക്ക് പണമായി നല്കുന്നു.

**വാർദ്ധക്യകാല പരിരക്ഷ : വാർദ്ധക്യം എന്നാൽ ആരോഗ്യപൂർണ്ണമായ ജീവിതം നയിക്കുന്നതിൽ നിന്നുള്ള വിരമിക്കൽ എന്നർത്ഥമില്ല.** വിരമിക്കൽ പ്രായം എത്തി വിരമിക്കുന്ന തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നും ചികിത്സാ ആനുകൂല്യം.

**തൊഴിൽ പുനരധിവാസ ആനുകൂല്യം : വൈകല്യം എന്നാൽ നിപുണതയുടെ പൂർണ്ണമായ നഷ്ടമല്ല.** തൊഴിൽ അപകടം മൂലമുണ്ടാകുന്ന വൈകല്യം നേരിടുന്നവർക്ക് തൊഴിൽ പരിശീലനം തുടരുന്നിടത്തോളം കാലം സ്ഥാപനം ഈടാക്കുന്ന തുകയോ ദിവസം 123 രൂപയോ ഏതാണോ കൂടുതൽ അത് ലഭ്യമാകും.

**പുനരധിവാസ ആനുകൂല്യം** : **തൊഴിൽ അപകടങ്ങൾ ജീവനോപാധിയുടെ നഷ്ടത്തിന് കാരണമാകുന്നില്ല.** തൊഴിൽ അപകടങ്ങൽ കൊണ്ട് ശാരീരിക വൈകല്യം സംഭവിച്ചവർക്ക് കൃത്രിമ അവയവകേന്ദ്രത്തിൽ അവയവം ശരിയാക്കുന്നതിനോ, മാറ്റിവെയ്ക്കുന്നതിനോ വേണ്ടി പ്രസ്തുത സ്ഥാപനത്തിൽ തുടരുന്നിടത്തോളം കാലം ശരാശരി വേതനത്തിന്റെ 100%

**പ്രസവചെലവുകൾ** : ഇ.എസ്.ഐ. പദ്ധതിയുടെ കീഴിലുള്ള ചികിത്സാ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ ഓരോ പ്രസവത്തിനും 5000 രൂപ വീതം. (2 പ്രസവത്തിനുമാത്രം)

**മൃതശരീര സംസ്കാരചെലവുകൾ** : പരമാവധി 15,000/- രൂപ എന്ന നിബന്ധനയ്ക്കു വിധേയമായി യഥാർത്ഥ ചെലവുകൾ.